**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13</u>** **<u>07-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ദുരന്തനിവാരണത്തിനായി റിസർച്ച് വിംഗ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ദുരന്തനിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മണ്ണിടിച്ചിൽ സാധ്യതാമേഖലകൾ കണ്ടെത്തുന്നതിനും അത് തടയുന്നതിന് നടപടികൾ നിർദ്ദേശിക്കുന്നതിനുമായി നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (എ) | രാജ്യത്ത് ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ പഠനങ്ങൾ നടത്തുവാൻ ചുമതലയുള്ള സ്ഥാപനം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയാണ്. ഇതു കൂടാതെ, സംസ്ഥാനത്ത് ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ പഠനങ്ങൾക്ക് മേൽനോട്ടം നൽകുവാൻ ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് **17/03/2020ലെ സ.ഉ(സാധാ)നം. 356/2020/ ഡിഎംഡി ഉത്തരവ് പ്രകാരം** ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീ. സി. മുരളീധരൻ ആണ് മേൽ സമിതിയുടെ അധ്യക്ഷൻ. വിവിധ മേഖലകളിൽ ഉള്ള വിദഗ്ധർ അടങ്ങിയതാണ് സമിതി. |
| (ബി) | പ്രസ്തുത സംവിധാനത്തിൽ ജിയോളജി, സിവിൽ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിലെ ദുരന്ത നിവാരണ സംവിധാനത്തിൽ മാനവശേഷിയുടെ കുറവ് നേരിട്ടിട്ടില്ല. മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ പ്രതിരോധം എന്നത് ജിയോളജിസ്റ്റുകളുടെയും, സിവിൽ എൻജിനിയർമാരുടെയും മാത്രം വൈദഗ്ധ്യം കൊണ്ട് ലഘൂകരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണ നിപുണർ, ഭൂമി ശാസ്ത്രജ്ഞർ, പരിസ്ഥിതി ശാസ്ത്രജ്ഞർ, കാലാവസ്ഥാ വിദഗ്ധർ, സാമൂഹിക ശാസ്ത്രജ്ഞർ എന്നിവരും, ജിയോളജിസ്റ്റുകൾ, സിവിൽ എൻജിനിയർമാർ, സ്ട്രക്ചറൽ എൻജിനിയർമാർ എന്നിവരും ചേർന്ന് പ്രവർത്തിച്ചാൽ മാത്രമേ ഇത്തരം പ്രതിരോധം സാധ്യമാകുകയുള്ളൂ.<br><br>മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മേഖലകളിൽ പ്രാവീണ്യം ഉള്ള 4 ജിയോളജിസ്റ്റുകൾ, 2 സിവിൽ എൻജിനിയർമാർ, 2 ഭൂമി ശാസ്ത്രജ്ഞർ, 2 പരിസ്ഥിതി ശാസ്ത്രജ്ഞർ, 2 കാലാവസ്ഥാ വിദഗ്ധർ, 2 സാമൂഹിക ശാസ്ത്രജ്ഞർ എന്നിവർ ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | | | അതോറിറ്റിയിൽ ഹസാഡ് അനലിസ്റ്റുമാരായി പ്രവർത്തിച്ചു വരുന്നുണ്ട്. ഇവർക്ക് ആവശ്യമായ മേൽനോട്ടവും ഉപദേശവും, സഹായവും, KSDMAയുടെ ഉപദേശക സമിതി നല്കി വരുന്നുണ്ട്. |
| (സി) | ഇത് പരിഹരിക്കുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി, ഭൂഗർഭ ജല വകുപ്പുകളിലെ ജിയോളജിസ്റ്റുമാരുടെ സേവനം കൂടി ലഭ്യമാക്കുന്നതിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായ Orange Book പ്രകാരം ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ ദുരന്ത സാധ്യത പരിശോധിക്കുന്നതിനും, അവയുടെ ആഘാതം ലഘൂകരി ക്കുന്നതിനും ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് മൈനിംഗ് ആൻഡ് ജിയോളജി, ഭൂഗർഭ ജല വകുപ്പുകൾക്ക് സ്റ്റാറ്റ്യൂട്ടറി ചുമതലയുണ്ട്. ദുരന്ത ലഘൂകരണത്തിനായി ഈ വകുപ്പുകൾ സ്വന്തമായി പണം വകയിരുത്തണം എന്നും ദുരന്ത നിവാരണ നിയമം 2005, Section 40 (2) അനുശാസിക്കുന്നുണ്ട്. ഇത് സ്റ്റാറ്റ്യൂട്ടറി ചുമതല ആയതിനാൽ പ്രസ്തുത വകുപ്പുകളെ പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതില്ല. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥരോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജിയോളജി, സിവിൽ എഞ്ചിനീയറിംഗ് വകുപ്പുകളിലെ അധ്യാപകരുടെ സേവനം കൂടി ലഭ്യമാക്കി ഒരു ജിയോ ടെക്നിക്കൽ റിസർച്ച് വിംഗ് രൂപീകരിച്ച് പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തി ദുരന്തസാധ്യതകൾ പരമാവധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | (ഡി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ആയതിനാൽ ജിയോ ടെക്നിക്കൽ വിംഗ് രൂപീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് – സംസ്ഥാനത്തെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ തുടങ്ങിയ പ്രതിഭാസങ്ങളിൽ വിദഗ്ധ പഠനം നടത്തുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശക സമിതിയായി വിദഗ്ധ സംഘത്തെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.356/2020/DMD തീയതി,തിരുവനന്തപുരം, 17/03/2020

---

പരാമർശം:- 1. മലപ്പുറം ജില്ലാകളക്ടറുടെ 09.10.2019-ലെ ഡി.എം1-5563/2019 നമ്പർ കത്ത്.

2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 27.10.2019, 17/02/2020-എന്നീ തീയതികളിലെ SEOC/Misc/99/2012 നമ്പർ കത്തുകൾ

3. 17.12.2019-ലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം

<u>ഉത്തരവ്</u>

2019-ലെ പ്രളയത്തെത്തുടർന്ന് മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ രൂപപ്പെട്ട വിള്ളലുകൾ മറ്റ് പ്രതിഭാസങ്ങൾ എന്നിവ പഠിക്കുന്നതിന് നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ജില്ലാ കളക്ടർ, ജില്ലാ ജിയോളജിസ്റ്റ്, മണ്ണ് സംരക്ഷണ ഓഫീസർ, എന്നിവർ അടങ്ങുന്ന സംഘം സ്ഥല പരിശോധന നടത്തുകയുണ്ടായി. ആയതിൻ പ്രകാരം മലയുടെ ഏകദേശം മുകൾ ഭാഗത്തായി 30 സെന്റീമീറ്റർ മുതൽ 100 സെന്റീമീറ്റർ വരെ വീതിയിലും 300 മീറ്ററോളം നീളത്തിലും വിള്ളൽ രൂപപ്പെട്ടിട്ടുള്ളതായും 50 സെന്റീമീറ്റർ മുതൽ 1.5 മീറ്റർ വരെ ആഴത്തിൽ ഭൂമി ഇടിഞ്ഞിറങ്ങിയതായും കാണപ്പെടുകയുണ്ടായി. ഇത് Aborted Landslide ന്റെ ലക്ഷണമായി കണക്കാക്കാമെന്നും 2018- ലെ കാലവർഷത്തിൽ വിള്ളലുകൾ രൂപം കൊണ്ടതാണെന്നും ഈ വർഷം അതിന്റെ അകലം വർദ്ധിക്കുകയാണ് ഉണ്ടായതെന്നും പ്രാദേശിക അന്വേഷണത്തിൽ അറിഞ്ഞതായും റിപ്പോർട്ട് ചെയ്യുന്നുണ്ട്. പ്രസ്തുത മല ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS) കണ്ടെത്തിയ ഉയർന്ന ഉരുൾപൊട്ടൽ സാധ്യത പ്രദേശമാണെന്നും കേന്ദ്ര ജിയോളജി വകുപ്പ് (GSI) പ്രസ്തുത ഭൂമി പാർപ്പിട യോഗ്യമല്ലാത്തതാണെന്നും 2018 മുതൽ ടി ഭൂമി മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ സാധ്യത മേഖലയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സമീപ പ്രദേശങ്ങളിൽ പാറകൾ കൂടുതലായി കാണപ്പെടുകയും മണ്ണിന്റെ ആഴം താരതമ്യേന കുറവുമാണെന്നും കാണപ്പെടുന്നതായും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ ശാസ്ത്രീയ പഠനം GSI അല്ലെങ്കിൽ NCESS തുടങ്ങിയ ഏജൻസികൾ നടത്തുന്നത് ഉചിതമായിരിക്കുമെന്നും ജിയോളജിസ്റ്റ് ശുപാർശ ചെയ്യതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ പെരകമണ്ണ, ഊർങ്ങാട്ടിരി, വെറ്റിലപ്പാറ വില്ലേജുകളിൽ ഉൾപ്പെടുന്ന ചെക്കുന്ന് മലയിൽ വിദഗ്ധ പരിശോധന ടീമിനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) ഇതേ വിഷയത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം നൽകിയ റിപ്പോർട്ടിൽ 2019-ലെ പ്രളയ ശേഷം മണ്ണിടിച്ചിൽ ഉണ്ടായ അവസരത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മണ്ണ് സംരക്ഷണ വിദഗ്ധരുടെയും, ജിയോളജിസ്റ്റുകളുടെയും ഒരു സംഘത്തെ പരിശീലിപ്പിച്ചാണ് ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ വേഗത്തിൽ കണ്ടെത്തിയതെന്നും ഒട്ടനവധി വിദഗ്ധർ സംസ്ഥാനത്ത് ലഭ്യമായതിനാൽ ഇവരുടെ ഒന്നോ രണ്ടോ സംഘം വീതം വിവിധ ദുരന്തങ്ങളിൽ സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതിയായി രൂപീകരിക്കുന്നതിന് അനുമതി

നല്കിയാൽ അവരെ ഉപയോഗപ്പെടുത്തി ഇത്തരം പരിശോധന നടത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3) പരാമർശം 3 ലെ 17.12.2019-ൽ കൂടിയ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാന പ്രകാരം വിവിധ ദുരന്തങ്ങളിൽ സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതിയായി വിദഗ്ധ സംഘത്തെ രൂപീകരിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം കേരളത്തിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സംബന്ധിച്ച വിഷയങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശക സമിതിയായി ചുവടെ ചേർക്കുന്ന വിദഗ്ധരെ നിയോഗിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശിപാർശ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | ഔദ്യോഗിക വിലാസം | മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. സി മുരളീധരൻ (ചെയർമാൻ) | ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (റിട്ട.), ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ | അശ്വതി, കല്ലിയൂർ പഞ്ചായത്ത് ഓഫീസിന് സമീപം, കല്ലിയൂർ പി.ഒ, തിരുവനന്തപുരം - 695042. ഇമെയിൽ: muralee_kal@rediffmail.com, മൊബൈൽ: 9903545383 |
| 2 | ഡോ.ഡി. നന്ദകുമാർ (മെമ്പർ) | പ്രൊഫസർ, ജിയോഗ്രഫി | ശ്രീ ശങ്കര സർവകലാശാല, കാലടി, എറണാകുളം - കെആർഎ ഇ 32, ദിവാകരമന്ദിരം, ആയുർവേദ കോളേജ്, വെസ്റ്റ് ലെയ്ൻ, കന്നപുരം, തിരുവനന്തപുരം - 695001. ഇമെയിൽ: nandan4@gmail.com മൊബൈൽ: 9287394818 |
| 3 | ഡോ. സജിൻ കുമാർ കെ.എസ് (മെമ്പർ) | അസിസ്റ്റന്റ് പ്രൊഫസർ, , ജിയോളജി വിഭാഗം, കേരള സർവകലാശാല | സ്നോ വൈറ്റ്, ടിസി 2/1201 (10), പിആർഎ 95/2, കെ കെ ലെയിൻ, പൊട്ടക്കുഴി, പട്ടം പാലസ് പിഒ, തിരുവനന്തപുരം - 695004. ഇമെയിൽ: sajinks@keralauniversity.ac.in, മൊബ: 9995832220 |

| | | | |
|---|---|---|---|
| 4 | ഡോ മനീഷ വി രമേഷ (മെമ്പർ) | ഡയറക്ടർ , അമൃത സെന്റർ ഫോർ വയർലെസ് നെറ്റ്‌വർക്ക് & ആപ്ലിക്കേഷൻ അമൃതപുരി | ഇമെയിൽ: maneesh@am.amrita.edu, maneesha@amrita.edu, മൊബൈൽ: 9447498834 |
| 5 | ശ്രീ അജിൻ ആർഎസ് (കൺവീനർ) | ഹസാർഡ് അനലിസ്റ്റ്, സംസ്ഥാന അടിയന്തിര ഘട്ടകാര്യ നിർവ്വഹണ കേന്ദ്രം | |

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് കേരളത്തിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സംബന്ധിച്ച വിഷയങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശക സമിതിയായി മേൽ പ്രതിപാദിച്ച അംഗങ്ങളെ നിയമിച്ചുകൊണ്ടും വിള്ളലുകൾ സംബന്ധിച്ച പഠനം നടത്തുന്നതിന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

സമിതിയുടെ പരിഗണനാ വിഷയങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. മണ്ണിടിച്ചിൽ നിർദ്ദിഷ്ട തയ്യാറെടുപ്പ് പദ്ധതി വികസിപ്പിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ സഹായിക്കുക.
2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അഭ്യർത്ഥന പ്രകാരം സൈറ്റ് അന്വേഷണം നടത്തുകയും തീരുമാനമെടുക്കുന്നതിന് സഹായകരമായ രീതിയിൽ റിപ്പോർട്ടുകൾ സമർപ്പിക്കുക.
3. സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മണ്ണിടിച്ചിൽ തടയൽ നടപടികൾ പാലിക്കുന്നുണ്ടോയെന്ന് അറിയാൻ ക്വാറി സൈറ്റ് അന്വേഷണം നടത്തുക.
4. സംസ്ഥാന, ജില്ലാ ദുരന്തനിവാരണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി മണ്ണിടിച്ചിൽ തടയൽ പദ്ധതി തയ്യാറാക്കുന്നതിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ സഹായിക്കുക.
5. കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് തേടുന്നതിനായി മണ്ണിടിച്ചിൽ ലഘൂകരണ പദ്ധതി തയ്യാറാക്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ സഹായിക്കുക

അംഗങ്ങളുടെ സേവന ഉപാധികളും വ്യവസ്ഥകളും ചുവടെ ചേർത്തിരിക്കുന്നു.

1. 6 മാസത്തിലൊരിക്കലെങ്കിലും ഏതെങ്കിലും അംഗങ്ങളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ സമിതി യോഗം വിളിച്ചു ചേർക്കേണ്ടതാണ്.
2. സമിതിയുടെ ശുപാർശകൾ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
3. കമ്മിറ്റി അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ് ആയി 3000 രൂപ/സിറ്റിംഗ് നിജപ്പെടുത്തിയിട്ടുള്ളതും ഉപദേശക സമിതിയുടെ യാത്രാബത്ത 3000 രൂപ/ദിവസം ആയിരിക്കും.
4. സംസ്ഥാനത്തെ ഗ്രേഡ് 1 ഓഫീസർമാരുടെ നിരക്കിൽ സർക്കാരിതര സേവക അംഗങ്ങൾക്ക് യാത്രാബത്ത നൽകാം. സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക്, നൽകേണ്ട യാത്രാബത്ത അവരുടെ മാതൃ വകുപ്പിലെ / സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ അതത് ഗ്രേഡിന് തുല്യമായിരിക്കും
5. ഉപദേശക സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജോലിയ്ക്കായി ആസ്ഥാനത്തിന് പുറത്തേയ്ക്കു പോകുമ്പോൾ, അംഗങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അല്ലെങ്കിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഓഫീസ് ക്രമീകരിച്ച വാടക വാഹനത്തിനും അനുയോജ്യമായ ഹോട്ടലിൽ

താമസിക്കുന്നതിന് 1500/രാത്രി ദൈനംദിന വാടകയ്ക്ക് അർഹതയുണ്ട്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
ഡയറക്ടർ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ, നെട്ടയം, തിരുവനന്തപുരം
ഡയറക്ടർ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് & സ്റ്റഡീസ്, ആക്കുളം, തിരുവനന്തപുരം
ഡയറക്ടർ, മൈനിംഗ് & ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ, കേശവദാസപുരം, പട്ടം, തിരുവനന്തപുരം
വിദഗ്ധ സമിതി അംഗങ്ങൾക്ക് (മെമ്പർ സെക്രട്ടറി മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പരിസ്ഥിതി വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് :-
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ